**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1244** **10-10-2024 - ൽ മറുപടിയ്ക്ക്**

**മലയോര ഹൈവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | മലയോരപ്രദേശത്തിന്റെ വികസനവും ടൂറിസം മേഖലയുടെ അനന്ത സാധ്യതകളും ലക്ഷ്യം വച്ചു നടപ്പാക്കുന്ന മലയോരപാത എപ്പോൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നതെന്നു വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് 1166 km ആണ് മലയോരഹൈവേ. ഇതിൽ മറ്റുപദ്ധതികളിൽ വകസിപ്പിച്ച സ്ട്രെച്ചുകൾ ഒഴിവാക്കി 793.68 km ആണ് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നത്. ഇതിനായി 2985 കോടി രൂപ ഇതുവരെ അനുവദിച്ചു. 735.93 km മലയോരഹൈവേയ്ക്ക് സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്. 158.6 km മലയോരഹൈവേ യാഥാർത്ഥ്യമായി. 322.53 km ൽ പ്രവൃത്തി പുരോഗമിക്കുന്നു. മറ്റിടങ്ങളിൽ പ്രവൃത്തിക്ക് ഭൂമി ലഭ്യമാക്കാനുള്ള ശ്രമങ്ങൾ തുടരുന്നു. |
| (ബി) | മലയോരപാതകളുടെ പ്രവൃത്തിയുടെ പുരോഗതി ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; | (ബി) | ഓരോ ജില്ലകളിലൂടെ കടന്നു പോകുന്ന മലയോര ഹൈവേ പ്രവൃത്തിയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:<br><br>**തിരുവനന്തപുരം ജില്ല**<br><br>1. കള്ളിക്കാട് പാറശ്ശാല - ഒന്നാം ഘട്ടം (15.5 കി.മീ) - പ്രവൃത്തി പൂർത്തിയായി.<br><br>2. കള്ളിക്കാട് പാറശ്ശാല - രണ്ടാം ഘട്ടം (7.45 കി.മീ) - പുറമ്പോക്ക് (800 മീറ്റർ) ഒഴികെയുള്ള എല്ലാ ഭാഗങ്ങളിലും ബിസി പൂർത്തിയാക്കിയിട്ടുണ്ട്. പുറമ്പോക്കിൽ താമസിക്കുന്നവരുടെ പുനരധിവാസത്തിനായി ഭൂമി കണ്ടെത്തിയിട്ടുണ്ട്. പുതിയ വീടുകളുടെ നിർമ്മാണം പൂർത്തിയായതിനു ശേഷം പുനരധിവാസം നടത്തി പ്രവൃത്തി പൂർത്തിയാക്കുന്നതാണ്.<br><br>3. കുടപ്പനമൂട് - വാഴിച്ചൽ (2.9 കി.മീ) - 28.02.2024-ന് കരാറുകാരനുമായി പ്രവൃത്തിയുടെ എഗ്രിമെന്റിൽ ഏർപ്പെട്ടു. പ്രവൃത്തി പുരോഗമിക്കുന്നു (13%). |

4. കൊപ്പം – പെരിങ്ങമ്മല (9.45 കി.മീ) - പ്രവൃത്തി പുരോഗമിക്കുന്നു (87%).

5. കൊല്ലായിൽ - ചല്ലിമുക്ക് (21.08 കി.മീ) - പ്രവൃത്തി പൂർത്തിയായി.

6. പെരിങ്ങമ്മല - പാലോട് (പാലോട് ബ്രൈമോർ റോഡ് ഓവർലാപ്പ് ചെയ്യുന്നു) (3.5 കി.മീ)- പ്രവൃത്തി പൂർത്തിയായി.

**കൊല്ലം ജില്ല**

1. കൊല്ലായിൽ (ചല്ലിമുക്ക്) - പുനലൂർ കെ.എസ്.ആർ.ടി.സി - പ്രവൃത്തി പൂർത്തിയായി.

**കോട്ടയം ജില്ല**

1. പ്ലാച്ചേരി കരിങ്കല്ലുമൂഴി (7.5 കി.മീ) -സ്ട്രെച്ചിന് 29.09.2022 തീയതി ടെണ്ടർ അപ്രൂവൽ കമ്മറ്റിയുടെ അംഗീകാരം ലഭിച്ചു. പ്രസ്തുത സ്ട്രെച്ചിൽ 10 വീടുകളുടെ പുനരധിവാസം നടത്തേണ്ടതായിട്ടുണ്ട്. പ്രൊജക്റ്റ് എക്സിക്യൂഷൻ ഡോക്യുമെന്റ് അപ്രൂവൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. വനഭൂമിയുടെ ഒന്നാം ഘട്ട അംഗീകാരം ലഭിച്ചു. രണ്ടാം ഘട്ട അംഗീകാരത്തിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**ഇടുക്കി ജില്ല**

1. കുട്ടിക്കാനം – ചപ്പാത്ത് (19.0 കി.മീ) - പ്രവൃത്തി പൂർത്തിയായി.

2. പീരുമേട് - ദേവികുളം - ഒന്നാം ഘട്ടം (12.7 കി.മീ) - പ്രവൃത്തി പുരോഗമിക്കുന്നു (54%).

3. പീരുമേട് - ദേവികുളം - രണ്ടാം ഘട്ടം (12.7 കി.മീ) - പ്രവൃത്തി പുരോഗമിക്കുന്നു (56%).

4. പീരുമേട് - ദേവികുളം - മൂന്നാം ഘട്ടം (5.45 കി.മീ) - പ്രവൃത്തി പുരോഗമിക്കുന്നു (36%).

5. പീരുമേട് - ദേവികുളം - നാലാം ഘട്ടം (6.66 കി.മീ) - സാങ്കേതികാനുമതി, സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

6. മൈലാട്ടുംപാറ - പുളിയൻമല (25.78 കി.മീ) - സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

7. എല്ലുക്കൽ - വലിയ മുല്ലക്കാനം (5.25 കി.മീ) - പ്രവൃത്തി പുരോഗമിക്കുന്നു(20%).

8. ഇരുട്ടുകാനം - എല്ലക്കൽ പാലം (12.87 കി.മീ) - സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**എറണാകുളം ജില്ല**

1. ചേരംഗനാൽ - നേര്യമംഗലം (13.6 കി.മീ) - സൗജന്യമായി ഭൂമി ലഭിക്കാത്തതിനാൽ പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. വനഭൂമിയുടെ ഒന്നാം ഘട്ട അംഗീകാരത്തിനായി പുതിയ നഷ്ടപരിഹാര വനവൽക്കരണ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

2. യൂക്കാലി ജംഗ്ഷൻ - ഇല്ലിത്തോട് (6.16 കി.മീ)- സൗജന്യമായി ഭൂമി ലഭിക്കാത്തതിനാൽ പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. വനഭൂമിയുടെ ഒന്നാം ഘട്ട അംഗീകാരത്തിനായി പുതിയ നഷ്ടപരിഹാര വനവൽക്കരണ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

3. ഇല്ലിത്തോട് - അഭയാരണ്യം (elevated റോഡ്) - ചെട്ടിനട (1.895 കി.മീ) - സൗജന്യമായി ഭൂമി ലഭിക്കാത്തതിനാൽ പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. വനഭൂമിയുടെ ഒന്നാം ഘട്ട അംഗീകാരത്തിനായി പുതിയ നഷ്ടപരിഹാര വനവൽക്കരണ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

4. വെറ്റിലപ്പാറ – മഞ്ഞപ്ര - യൂക്കാലി ജംഗ്ഷൻ (23.26 കി.മീ) - സൗജന്യമായി ഭൂമി ലഭിക്കാത്തതിനാൽ പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. വനഭൂമിയുടെ ഒന്നാം ഘട്ട അംഗീകാരത്തിനായി പുതിയ നഷ്ടപരിഹാര വനവൽക്കരണ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

5. ചെട്ടിനട - ചേരങ്ങനാൽ (23.26 കി.മീ) - സൗജന്യമായി ഭൂമി ലഭിക്കാത്തതിനാൽ പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല.

**തൃശ്ശൂർ ജില്ല**

1. പട്ടിക്കാട് വിളങ്ങന്നൂർ (5.3 കി.മീ) – പ്രവൃത്തി പുരോഗമിക്കുന്നു (55%).

2. വെള്ളിക്കുളങ്ങര - വെറ്റിലപ്പാറ പാലം (19.0 കി.മീ) – 01.08.2024-ൽ കരാറുകാരനുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രവൃത്തി പുരോഗമിക്കുന്നു(1%).

3. വിളങ്ങന്നൂർ- വെള്ളിക്കുളങ്ങര (19.0 കി.മീ) - ഫ്രീ സറണ്ടർ (65%) വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. വനഭൂമി ഏറ്റെടുക്കുന്നതിനായി പുതിയ സിഎ ലാൻഡ് കണ്ടെത്തി സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. കുറച്ച് സ്ഥലത്തിന് സംസ്ഥാന ലാൻഡ് ബോർഡിന്റെ അനുമതി കൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

**പാലക്കാട് ജില്ല**

1. നെന്മാറ ബൈപാസ് - തങ്കം ജംഗ്ഷൻ (15.21 കി.മീ) - സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

2. പനങ്ങാട്ടിരി-വിത്തനശ്ശേരി (7.057കി.മീ) - സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനും ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു.

3. ഗോപാലപുരം- നെട്ടുമണി- സ്റ്റ്രെച്ച് (14.86കി.മീ) - പാലവും റോഡും ഉൾപ്പെടെ മുഴുവൻ സ്റ്റ്രെച്ചിലും ഭൂമി ലഭ്യത ഉറപ്പാക്കിയതിന് ശേഷം പദ്ധതി മൊത്തത്തിൽ ടെണ്ടർ ചെയ്യുന്നതിനും ശേഷിക്കുന്ന ഭാഗങ്ങളിൽ ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു.

4. ഗോപാലപുരം- നെട്ടുമണി- സ്റ്റ്രെച്ച് 2 (15.73കി.മീ) - ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കുന്നതിനും ജലസേചന വകുപ്പിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിനായി വകുപ്പിന്റെ എൻ.ഒ.സി ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു.

5. കാഞ്ഞിരംപാറ മസ്ജിദ് - കുമരംപുത്തൂർ (18.10 കി.മീ) - 05.07.2024-ന് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

**മലപ്പുറം ജില്ല**

1. പൂക്കോട്ടുംപാടം കാളികാവ് - ഒന്നാം ഘട്ടം (8.7 കി.മീ)- പ്രവൃത്തി പൂർത്തിയായി.

2. പൂക്കോട്ടുംപാടം – കാളികാവ് – രണ്ടാം ഘട്ടം (18.10 കി. മീ.) - പ്രവൃത്തി പുരോഗമിക്കുന്നു (34%). വാട്ടർ അതോറിറ്റിയുടെ - JJM പൈപ്പിടൽ പ്രവൃത്തികൾ പൂർത്തിയാകാനുണ്ട്. ഇത് പ്രവൃത്തികളുടെ പുരോഗതിയെ പ്രതികൂലമായി ബാധിക്കുന്നു.

3. പൂക്കോട്ടുംപാടം -മൈലാടി പാലം (10.9 കി. മീ.) - പ്രവൃത്തി പുരോഗമിക്കുന്നു (79%). 02.01.2025-നകം പ്രവൃത്തി പൂർത്തിയാക്കാനാകും.വാട്ടർ അതോറിറ്റിയുടെ - JJM പൈപ്പിടൽ പ്രവൃത്തികൾ പൂർത്തിയാകാനുണ്ട്. ഇത് പ്രവൃത്തികളുടെ പുരോഗതിയെ പ്രതികൂലമായി ബാധിക്കുന്നു.

4. പൂക്കോട്ടുംപാടം - മൂലേപ്പാടം രണ്ടാം ഘട്ടം (മൈലാടി പാലം മുതൽ മൂലേപ്പാടം വരെ (11.5 കി. മീ.) - പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

5. കക്കാടംപൊയിൽ - നിലമ്പൂർ (11.5 കി. മീ.) - 23.08.2024-ന് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. PED അപ്രൂവൽ കിഫ്ബിയിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനും നഷ്ടപരിഹാര വനവൽക്കരണ ഭൂമി കണ്ടെത്തുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു.

6. ചിറക്കൽ - ഉച്ചാരക്കടവ്, ഉച്ചാരക്കടവ് – കാഞ്ഞിരംപാറ (12.28 കി. മീ.) - പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**കോഴിക്കോട് ജില്ല**

1. കോടഞ്ചേരി - കക്കാടംപൊയിൽ (35.35 കി. മീ) - പ്രവൃത്തി പുരോഗമിക്കുന്നു(98%).

2. തലയാട് - മലപുറം - കോടഞ്ചേരി - ഒന്നാം ഘട്ടം (9.99 കി. മീ) - പ്രവൃത്തി പുരോഗമിക്കുന്നു(23%). വാട്ടർ അതോറിറ്റിയുടെ - JJM പൈപ്പിടൽ പ്രവൃത്തികൾ പൂർത്തിയാകാനുണ്ട്. ഇത് പ്രവൃത്തികളുടെ പുരോഗതിയെ പ്രതികൂലമായി ബാധിക്കുന്നു.

3. 28-ാം മൈൽ - തലയാട് ടൗൺ (6.79 കി. മീ) - പ്രവൃത്തി പുരോഗമിക്കുന്നു (28%).

4. മരിപ്പുഴ - ആനക്കാംപൊയിൽ- പുല്ലൂരാംപാറ (12.0 കി. മീ) - പ്രവൃത്തി പുരോഗമിക്കുന്നു(3%). വാട്ടർ അതോറിറ്റിയുടെ - JJM പൈപ്പിടൽ പ്രവൃത്തികൾ പൂർത്തിയാകാനുണ്ട്. ഇത് പ്രവൃത്തികളുടെ പുരോഗതിയെ പ്രതികൂലമായി ബാധിക്കുന്നു.

5. ചുങ്കക്കുട്ടി - പൂതംപാറ പാലം (5.446 കി. മീ. ) - സാമ്പത്തികാനുമതി revalidate ചെയ്യുതിനു ശേഷം സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

6. പെരുവണ്ണാമുഴി മുതൽ 28-ആം മൈൽ വരെ (15.65 കി.മീ.) - പ്രവൃത്തി പുരോഗമിക്കുന്നു (2%).

7. മുള്ളൻകുന്ന് – പെരുവണ്ണാമുഴി (8.06 കി. മീ.) - ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കുന്നതിനും ജലസേചന വകുപ്പിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിനായി വകുപ്പിന്റെ എൻ.ഒ.സി ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

8. തൊട്ടിൽപ്പാലം - മുള്ളൻകുന്ന് (6.4 കി. മീ.) - ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

9. പൂതംപാറ പാലം - മൂന്നാംകൈ- തൊട്ടിൽപ്പാലം (7.225 കി. മീ.) - ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

10. തലയാട് - മലപുറം - കോടഞ്ചേരി - രണ്ടാം ഘട്ടം – (8.01 കി. മീ.) – 18.07.2024-ൽ കരാറുകാരനുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രവൃത്തി പുരോഗമിക്കുന്നു (1%).

**വയനാട് ജില്ല**

1. കൽപ്പറ്റ ബൈപാസ് മേപ്പാടി കാപ്പൻകൊല്ലി ചൂരൽമല (16.75 കി. മീ.)- കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ അവസാനിപ്പിച്ചു. ബാലൻസ് വർക്ക് പുനഃക്രമീകരിച്ച് 11.07.2024-ൽ കരാറുകാരനുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രവൃത്തി പുരോഗമിക്കുന്നു (1%).

2. കൊട്ടിയൂർ-ബോയ്സ് ടൗൺ (43.0 കി. മീ) -പ്രവൃത്തി പുരോഗമിക്കുന്നു(68%).

3. കുഞ്ഞോം - നിറവിൽപ്പുഴ – ചുങ്കക്കുട്ടി (8.521 കി. മീ) -11.07.2024-ൽ കരാറുകാരനുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രവൃത്തി പുരോഗമിക്കുന്നു (1%). വനഭൂമിയുടെ ഒന്നാം ഘട്ട അംഗീകാരം ലഭിച്ചു. രണ്ടാം ഘട്ട അംഗീകാരത്തിനായി സിഎ ലാൻഡിന്റെ വിശദാംശങ്ങൾ പരിവേഷ് പോർട്ടലിൽ 18.06.2024-ൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്.

**കണ്ണൂർ ജില്ല**

1. വള്ളിത്തോട് അമ്പായത്തോട് (25.3) -പ്രവൃത്തി പുരോഗമിക്കുന്നു (41%). വാട്ടർ അതോറിറ്റിയുടെ - JJM പൈപ്പിടൽ പ്രവൃത്തികൾ പൂർത്തിയായിട്ടില്ല.

| | | | |
|---|---|---|---|
| | | | 2. അമ്പായത്തോട്- ബോയ്സ് ടൗൺ (6.0) - 24.08.2024-ന് സാങ്കേതികാനുമതി നൽകി. വനഭൂമിയുടെ രണ്ടാം ഘട്ട അംഗീകാരത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>**കാസർകോട് ജില്ല**<br><br>1. നന്ദാരപ്പടവ് - ചേവാർ (23) -27.02.2021 -ന് പ്രവൃത്തി പൂർത്തിയായി.<br><br>2. കോളിച്ചാൽ -ഇടപ്പറമ്പ് (24.4) -21 കിലോമീറ്റർ പ്രവൃത്തി പൂർത്തിയാക്കി കരാർ അവസാനിപ്പിച്ചു. ബാക്കിയുള്ള 3 കിലോമീറ്റർ വനഭാഗമാണ് നടപ്പാക്കേണ്ടത്. വനഭൂമിയുടെ ഒന്നാം ഘട്ട അംഗീകാരത്തിനായി പുതിയ സിഎ ലാൻഡ് കണ്ടെത്തുന്ന നടപടികൾ പുരോഗമിക്കുന്നു.<br><br>3. കോളിച്ചാൽ ചെറുപുഴ (28.87) -പ്രവൃത്തി പുരോഗമിക്കുന്നു (92%).<br><br>4. ചേവാർ - ഇടപ്പറമ്പ (27.97) - പ്രവൃത്തി പുരോഗമിക്കുന്നു (80%). |
| (സി) | മലയോര ഹൈവേയിലെ പാലങ്ങൾ പുനർനിർമ്മിക്കാൻ പദ്ധതികളുണ്ടോ; വിശദമാക്കുമോ; | (സി) | മലയോര ഹൈവേ കടന്നു പോകുന്നതിനിടയിൽ വരുന്ന പാലങ്ങൾ അതാത് സ്ട്രെച്ചുകളിലെ പ്രവൃത്തികളിൽ ഉൾപ്പെടുത്തിയോ അല്ലെങ്കിൽ ഒരു ജില്ലയിലെ എല്ലാ പാലങ്ങളെയും ഒറ്റ പ്രവൃത്തിയായി ഉൾപ്പെടുത്തിയോ നിലവിൽ നിർമ്മിച്ചു വരുന്നു. |
| (ഡി) | മലയോര ഹൈവേ കടന്നുപോകുന്ന പ്രദേശങ്ങളിലെ വനഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ? | (ഡി) | സംസ്ഥാന മലയോരഹൈവേയുടെ നിർമ്മാണത്തിനായി വനഭൂമിയുടെ അതിർത്തികൾ നിർണ്ണയിച്ച് സർവ്വേനടപടികൾ പൂർത്തീകരിച്ച് താൽക്കാലിക പെഗ് മാർക്കിംഗ് ചെയ്തിട്ടുള്ളതാണ്. തുടർന്ന് വനഭൂമി കൈമാറികിട്ടുന്നതിനായി അനുമതി ആവശ്യമുള്ള 8 ജില്ലകളിൽ നിന്നും കെ.ആർ.എഫ്.ബി – പി.എം.യു മുഖേന പരിവേഷ് പോർട്ടൽവഴി വനംവകുപ്പിന് അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. വനംവകുപ്പ് അപേക്ഷകൾ പരിശോധിച്ച് തൃപ്തികരമാണന്ന് ബോധ്യപ്പെട്ടാൽ സ്റ്റേജ് 1 അനുമതി നൽകും. ഇതുവരെയായി കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, കോട്ടയം ജില്ലകളിലെ അപേക്ഷകൾക്ക് സ്റ്റേജ് 1 അനുമതി ലഭ്യമായിട്ടുണ്ട്. സ്റ്റേജ് 1 അനുമതി ലഭ്യമായ അപേക്ഷകളിൽ വനംവകുപ്പ് നിർദ്ദേശിക്കുന്ന തുക ഒടുക്കിയതിന് ശേഷം വനഭൂമിയ്ക്ക് പകരം ഉള്ള റവന്യൂ ലാൻഡ് വനംവകുപ്പിന് കൈമാറേണ്ട രേഖകൾ ഉൾപ്പെടെ സ്റ്റേജ് 2 അനുമതിക്കായി സമർപ്പിക്കേണ്ടതുണ്ട്. ആയതിന്റെ നടപടിക്രമങ്ങൾ അതാത് ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ |

| | | | |
|---|---|---|---|
| | | | പുരോഗമിച്ചുവരുന്നു. കാസർഗോഡ് (എടപ്പറമ്പ-കോളിച്ചാൽ റോഡ്), മലപ്പുറം, തൃശ്ശൂർ, എറണാകുളം എന്നീ ജില്ലകളിൽ വനം വകുപ്പിന് കൈമാറേണ്ട റവന്യൂ ലാൻഡ് കണ്ടെത്തേണ്ടതായിട്ടുണ്ട്. 1 ഹെക്ടറിനുള്ളിലുള്ള വനഭൂമിക്കുള്ള സ്റ്റേജ് 2 അനുമതി സംസ്ഥാന സർക്കാരിൽനിന്നും 1 ഹെക്ടറിനുമുകളിലുള്ള സ്റ്റേജ് 2 അനുമതി കേന്ദ്ര പരിസ്ഥിതി, വനം കാലാവസ്ഥാ വ്യതിയാനവകുപ്പ് മന്ത്രാലയത്തിന്റെ കീഴിൽ വരുന്ന റീജണൽ ഓഫീസ് ബാംഗ്ലൂരിൽ നിന്നും ആണ് ലഭിക്കുന്നത്. കാസർഗോഡ് ജില്ലയിലെ അപേക്ഷയ്ക്ക് (കോളിച്ചാൽ-ചെറുപുഴ റോഡ്) സ്റ്റേജ് 2 അനുമതി ലഭിച്ചിട്ടുണ്ട്. വനഭൂമിയിൽ കല്ലുകൾ സ്ഥാപിക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും വനംവകുപ്പിന്റെ സ്റ്റേജ് 2 അനുമതി ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ